പരിശോധിക്കുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികൾ, നബാർഡ്, എൻ.സി.ഡി.സി., എന്നിവയുമായി ബന്ധപ്പെട്ട പദ്ധതികളിൽ കേന്ദ്ര മന്ത്രാലയങ്ങൾ പുറപ്പെടുവിക്കുന്ന ഭരണാനുമതി, ലഭ്യമാകുന്ന കേന്ദ്ര വിഹിതം, വായ്പാ വിഹിതം എന്നിവ കണക്കിലെടുത്താണ് അധിക തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നത്. കേന്ദ്ര വിഹിതം സംസ്ഥാന അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ട പദ്ധതികളിൽ ഭരണവകുപ്പ് ശിപാർശ ലഭ്യമാക്കുന്ന മുറയ്ക്ക് തന്നെ അധിക വിഹിതം അനുവദിക്കാറുമുണ്ട്.

(ബി) 2020, 2021 വർഷങ്ങളിൽ ഇത്തരത്തിൽ സബ്ജക്ട് കമ്മിറ്റികൾ എത്ര പ്രൊപ്പോസലുകൾ ധനവകുപ്പിന് സമർപ്പിച്ചിട്ടുണ്ട്; ഇതിൽ എത്രയെണ്ണം അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) വിവിധ വകുപ്പുകൾ തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ സബ്ജക്ട് കമ്മിറ്റികൾ പരിശോധിച്ച് ധനവകുപ്പിന് സമർപ്പിക്കുന്നതിൽ മിക്കതും അനുവദിക്കുന്നില്ലെന്ന കാര്യം പരിശോധിക്കുമോ; നടപടി സ്വീകരിക്കുമോ?

(ബി&സി) വിഷയനിർണ്ണയ സമിതിയുടെ ശിപാർശകളിന്മേൽ ബഹു. ധനമന്ത്രി നിയമസഭയിൽ യുക്തമായ പ്രസ്താവനകൾ നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ ഭരണ വകുപ്പ് ലഭ്യമാക്കുന്ന അധിക ധനാനുമതി നിർദ്ദേശങ്ങൾക്ക്, അധിക ധനാനുമതി, ധനപുനർവിനിയോഗം, ഉപധനാഭ്യർത്ഥന എന്നിവ വഴി തുക അനുവദിക്കാറുണ്ട്. വിഷയ നിർണ്ണയ സമിതി ശിപാർശയിന്മേൽ കൈക്കൊണ്ട നടപടി റിപ്പോർട്ട് ഭരണ വകുപ്പ് അതത് വിഷയ നിർണ്ണയ സമിതികൾക്ക് നൽകി വരുന്നുമുണ്ട്. ധനകാര്യ വകുപ്പിൽ ആയതിന്റെ പകർപ്പ് ലഭ്യമല്ലാത്തതിനാൽ അതിന്മേലുള്ള ക്രോഡീകരണം നടത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

**ധനകാര്യ വകുപ്പിലെ താൽക്കാലിക ജീവനക്കാർ**

54(3485) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിൽ എത്ര താൽക്കാലിക ജീവനക്കാർ ജോലി നോക്കുന്നു; ഏതെല്ലാം തസ്തികകളിൽ എത്ര പേർ വീതം എന്ന് വിശദമാക്കാമോ?

ധനകാര്യ വകുപ്പിൽ നിലവിൽ 110 താൽക്കാലിക ജീവനക്കാർ ജോലി നോക്കുന്നു. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത താൽക്കാലിക ജീവനക്കാരെ ഏതൊക്കെ രീതികൾ വഴിയാണ് തെരഞ്ഞെടുത്തതെന്ന് അറിയിക്കാമോ?

വിവിധ തസ്തികകളിലേയ്ക്ക് ജീവനക്കാരെ തസ്തികകളുടെ ജോലിസ്വഭാവം കണക്കിലെടുത്ത് എഴുത്ത്പരീക്ഷ, അഭിമുഖം എന്നിവയുടെ അടിസ്ഥാനത്തിലും നിക്സി, കെല്ട്രോൺ, കുടുംബശ്രീ എന്നിവ മുഖേനയുമാണ് തെരഞ്ഞെടുത്തിരിക്കുന്നത്.

(സി) ഇവരിൽ എത്ര പേരെയാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി തെരഞ്ഞെടുത്തതെന്ന് അറിയിക്കുമോ?

നിലവിൽ ധനകാര്യ വകുപ്പിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ആരെയും നിയമിച്ചിട്ടില്ല.

## സാധനങ്ങളുടെ വിലക്കയറ്റം

55(3486) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയെത്തുടർന്ന് ഉല്പന്നങ്ങൾക്ക് ഡിമാന്റ് വർദ്ധിക്കുന്ന സാഹചര്യത്തിൽ അവയുടെ വിലക്കയറ്റം തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

വിലക്കയറ്റം പരിഹരിക്കുന്നതിനുള്ള വിഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിന് സംസ്ഥാനത്തെ പൊതുവിപണിയിലെ മൊത്ത വ്യാപാരികളുടെയും വ്യാപാരി പ്രതിനിധികളുടെയും യോഗം ആവശ്യമായ സന്ദർഭങ്ങളിൽ സർക്കാർ/വകുപ്പ് തലത്തിൽ വിളിച്ച് ചേർത്തിട്ടുണ്ട്. ഇരുപത്തിരണ്ട് അവശ്യസാധനങ്ങളുടെ വില സംസ്ഥാനത്തെ പൊതു വിപണിയിൽനിന്നും ജില്ലാ സപ്ലൈ ഓഫീസർമാർ ശേഖരിച്ച് സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിന് നല്കുകയും, അവിടെ നിന്ന് ടി വിവരങ്ങൾ ക്രോഡീകരിച്ച് കേന്ദ്ര പൊതുവിതരണ ഉപഭോക്തൃ മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ ചേർക്കുകയും വില ശരാശരിയിൽനിന്നും കൂടിയ കേന്ദ്രങ്ങളിൽ ശക്തമായ പരിശോധന നടത്തി ക്രമക്കേടുകൾക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly